പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഡിറ്റ്

14 (2811)ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതിന്റേയും കണക്കുകൾ യഥാസമയം ആഡിറ്റ് ചെയ്യാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ :

(സി) മൂന്ന് വർഷത്തിനുമേൽ ആഡിറ്റ് കുടിശ്ശികയുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ :

(ഡി) ആഡിറ്റിൽ വരുന്ന കാലതാമസം കുറയ്ക്കുന്നതിന് വേണ്ടി എന്തെങ്കിലും വ്യവസ്ഥകൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിംഗ് അപ്പ്റ്റുഡേറ്റ് ആക്കുന്നതിനും ഭാവിയിൽ കൃത്യമായി നടത്തുന്നതിനും കാലാകാലങ്ങളിൽ ബി.പി.ഇ.യിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും ആഡിറ്റ് കുടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മുഖ്യമേധാവികളുമായി ചർച്ച നടത്തി ആഡിറ്റിംഗ് ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൂന്ന് വർഷത്തിനുമേൽ ആഡിറ്റ് കുടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഏത് വർഷം മുതൽ ആഡിറ്റ് കുടിശ്ശികയുണ്ടെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) ആഡിറ്റ് ചെയ്യാത്ത താൽക്കാലിക വാർഷിക കണക്കുകൾ അതാത് സാമ്പത്തിക വർഷം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ എഴുതി തയ്യാറാക്കുവാനും ഇതിലേയ്ക്കുവേണ്ടി പ്രാഥമിക കണക്കുകൾ എഴുതുന്നതിൽ കുടിശ്ശിക ഉണ്ടെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടന്റുകാരെ നിയമിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെയധികം കുടിശ്ശികയുള്ള സ്ഥാപനത്തിൽ മൊത്ത കാലയളവിലേക്ക് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ നിയമിക്കുവാൻ കമ്പനി ലാ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നിൽ കൂടുതൽ വർഷത്തിലേക്ക് ഒരേ സ്റ്റാറ്റ്യൂട്ടറി ആഡിറ്ററെ നിയമിച്ചിട്ടുണ്ടെങ്കിൽ നിയമിച്ചിട്ടുള്ള എല്ലാവർഷ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെയും പ്രാഥമിക ആഡിറ്റ് ഒരുമിച്ച് തന്നെ നടത്തുവാൻ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അനുവദിച്ച കാലയളവിൽ തന്നെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിക്കാൻ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരെ പ്രേരിപ്പിക്കുവാനും ആഡിറ്റ് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാൻവേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക തീർക്കുവാനുള്ള ഒരു ആക്ഷൻ പ്ളാൻ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കുകയാണെങ്കിൽ സപ്ളിമെന്ററി ആഡിറ്റ് കാലതാമസം കൂടാതെ നടത്താമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഉറപ്പും നേടിയിട്ടുണ്ട്.

പുതിയ ടെക്സ്റ്റൈൽ വ്യവസായ പദ്ധതികൾ

15 (2812) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ടെക്സ്റ്റൈൽ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ :

(സി) കൈത്തറിത്തുണി ശേഖരിക്കുന്നതിന് ഹാൻടെക്സ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുമൂലം നെയ്ത്തുകാർ പ്രതിസന്ധിയെ നേരിടുകയാണെന്ന വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതൊഴിവാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ :

(ഇ) പ്രോഡക്ട് പാക്കേജ് പദ്ധതികൾക്കുവേണ്ടി നീക്കിവെച്ചിരുന്ന തുക വകമാറ്റി ചെലവഴിക്കാനിടയായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ടെക്സ്റ്റൈൽ വ്യവസായ നവീകരണത്തിനായി 100 കോടി രൂപ ചിലവഴിച്ച് കേന്ദ്രത്തിലെ നവീകരണ സബ്സിഡിയും ഉപയോഗിച്ചുകൊണ്ട് എല്ലാ പൊതുമേഖല സഹകരണമേഖല സ്പിന്നിംഗ് മില്ലുകളുടെയും പുനരുദ്ധാരണം ഇക്കൊല്ലം തന്നെ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോടും വയനാടും പദ്ധതിയ്ക്ക് ആവശ്യമുള്ള സ്ഥലം വാങ്ങികഴിഞ്ഞു. വയനാട്ടിൽ വയനാട് പവർലൂ ആന്റ് മൾട്ടിപർപ്പസ് സഹകരണസംഘം മുഖാന്തിരവും കോഴിക്കോട് കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം സഹകരണ സംഘം വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുക. വയനാട് 1300 ഓളം ചതുരശ്ര അടിയുള്ള ഷെഡ്പണിത് 20 പേരടങ്ങുന്ന ആദ്യത്തെ ബാച്ചിന് 23-5-1999 മുതൽ പരിശീലനം നൽകി വരുന്നു. കോഴിക്കോട് സിറ്റ്റാ (സൗത്ത് ഇന്ത്യ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷൻ) യുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രാരംഭഘട്ട ജോലികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly